പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1872 — 14/08/2017-ൽ മറുപടിക്ക്

## കൂടലിൽ വനിതകളുടെയും കുട്ടികളുടെയും ആശുപത്രി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ്മന്ത്രി) | |
| എ) | വനിതകളുടെയും കുട്ടികളുടെയും ആശുപത്രി കൂടലിൽ ആരംഭിക്കുന്നതിനായി എന്നാണ് നടപടികൾ സ്വീകരിച്ചത്; വ്യക്തമാക്കാമോ; | എ) | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്ന സ്ഥലത്തിൽ കൂടൽ ആശുപത്രിയിലെ സ്ഥലവും ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) | കൂടൽ പി.എച്ച്.സി.യിൽ നിലവിലുള്ള സ്ഥലത്ത് വനിതകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പൂർത്തീകരിച്ചത്; | ബി), സി) & ഡി) | കോന്നിയിൽ പുതിയ മെഡിക്കൽ കോളേജിന് നിർദ്ദേശം വന്ന സാഹചര്യത്തിൽ മല്ലപ്പള്ളി താലൂക്കാശുപത്രി, കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രം, റാന്നി-പഴവങ്ങാടി പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ മൂന്ന് സ്ഥലങ്ങൾ പരിഗണനയ്ക്ക് വന്നിട്ടുണ്ട്. ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നതും ഭാവി വികസനത്തിന് മതിയായ സ്ഥലം ലഭ്യമായതുമായ ഒരു സ്ഥലം കണ്ടെത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം നിശ്ചയിച്ച് കഴിഞ്ഞതിനുശേഷം മാത്രമേ ടെൻഡർ നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ |
| സി) | ആയതിലേക്ക് ആവശ്യമായ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി ആരാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ; | | |
| ഡി) | പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഇതിലേക്ക് എന്തെല്ലാം നടപടികൾ നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ | | |
| ഇ) | ഇതിലേക്ക് എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഇ) & എഫ്) | 16/11/2013 ലെ സ.ഉ.(സാധാ) നം. 3822/2013/ആ.ക.വ ഉത്തരവ് പ്രകാരം സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 311 ലക്ഷം രൂപ അനുവദിച്ചു. ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ടി തുക പിഡബ്ല്യൂഡി-ക്ക് കൈമാറിയിട്ടുണ്ട്. |
| എഫ്) | എതെല്ലാം ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ആശുപത്രി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ